SUNDAY 12/10/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas


Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/10/2025

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ കെ വി വൈ – പി ഡി എം സി സൂക്ഷ്മ ജലസേചനം (പി ഡി എം സി മൈക്രോ ഇറിഗേഷൻ) പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്, സ്പ്രിംഗ്ളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനുപുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ – 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ – 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാര് വകയിരുത്തുകയും അതിൽ 72.81 കോടി നിലവില് ലഭ്യമാക്കിയിട്ടുണ്ട്.

ff



2. അഖിലേന്ത്യ തീറ്റപ്പുൽ ഗവേഷണ പദ്ധതിയിലൂടെ കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള **സങ്കര നേപ്പിയർ തീറ്റപ്പുൽ ഇനമായ 'സുസ്ഥിര'** കേരളത്തിലെ കരപ്രദേശങ്ങളിലും വീട്ടുവളപ്പിലെ പുരയിടങ്ങളിലും കൃഷി ചെയ്യുവാൻ അനുയോജ്യമാണ്. ഹെക്ടറിന് 300 ടണ്ണോളം വിളവ് തരുന്ന ഇതിൽ 9.4% മാംസ്യവും 24% നാരും അടങ്ങിയിട്ടുണ്ട്. രണ്ട് മുട്ടോട് കൂടിയ നടീൽ വസ്തുക്കൾ കമ്പൊന്നിന് രണ്ടര രൂപ നിരക്കിൽ വെള്ളായണി കാർഷിക കോളേജിൽ ലഭ്യമാണ്. ആവശ്യമുള്ളവർ വിളിക്കേണ്ട നമ്പർ 8547125233.

## പരിശീലന പരിപാടി

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ 15/10/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

4. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 16, 17 തീയതികളിൽ ക്ഷീര സഹകരണ സംഘം ഭരണ സമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ, തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com.

5. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **'ശാസ്ത്രീയ പോത്തുകുട്ടി പരിപാലനം'** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2025

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒക്ടോബർ 14ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം. പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒക്ടോബർ മാസം വിവിധ പരിശീലന പരിപാടികൾ നടത്തുന്നു. ഒക്ടോബര് 15, 16 ന് രാവിലെ 10 മുതല് വൈകിട്ട് 5 മണി വരെ **വളർത്തുനായകളുടെ പരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0469 2965535.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം